**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **06-12-2022 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. വ്യവസായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ സജി ചെറിയാൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം നാല്പതിനായിരം തൊഴിലവസരങ്ങൾ എങ്കിലും സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കരട് വ്യവസായ നയത്തിൽ എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പ്രത്യേകം പ്രാധാന്യം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവ വഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എം.എസ്.എം.ഇ. വിഭാഗത്തിൽപെട്ട വ്യവസായങ്ങൾക്ക് കാലതാമസമില്ലാതെ അനുമതി ലഭ്യമാക്കുന്നതിനും അവയ്ക്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ട സഹായം നൽകുന്നതിന് പദ്ധതിയുണ്ടോയെന്നറിയിക്കാമോ; | (ബി) | കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം" നിലവിൽ വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | 2019 - ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം സംരംഭകൻ അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകു ന്നതാണ്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു. ഈ സൗകര്യങ്ങൾ എല്ലാം തന്നെ വായ്പയും, വിവിധ വകുപ്പുകൾ/ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ച് കൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്. |
| (സി) | സംരംഭക അനുയോജ്യ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവർക്കുവേണ്ട മാർഗനിർദേശങ്ങൾ ലഭ്യമാക്കുന്നതിനും വിപണി കണ്ടെത്തുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ട ഇടപെടൽ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | സംരംഭക വർഷത്തിന്റെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ |

ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം സംരംഭകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചുകൊണ്ട് സംരംഭകർക്ക് പരമാവധി കൈതാങ്ങ് സഹായം ഉറപ്പാക്കിയിട്ടുണ്ട്. ഇത് കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

സംരഭകർക്ക് വിപണി കണ്ടെത്തുന്നതിനായി സാങ്കേതികവിദ്യാധിഷ്ഠിത സൗകര്യങ്ങൾ നിലവിലുണ്ട്. നിലവിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശിയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. പ്രസ്തുത പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആഗോളതലത്തിലുള്ള വ്യവസായികൾ/ബയർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന പ്രസ്തുത പോർട്ടലിലൂടെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരഭങ്ങൾ രജിസ്റ്റർ ചെയ്തുകൊണ്ട് അവരുടെ ഉല്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരഭകരുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്ന് വരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ

| | | | |
|---|---|---|---|
| | | | ഉല്പന്നങ്ങൾ വിപണനം ചെയ്യുവാൻ ഈ പോർട്ടൽ സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും.<br>കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തം ആക്കുന്നതിനു സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കും.കേന്ദ്ര സർക്കാരിന്റെ (Directorate General of supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതു സംഭരണം നടത്താവുന്നതാണ്. എ.എസ്.എം.ഇ സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ